ഒരുമിച്ചു താമസിക്കുന്ന നാലു കൂട്ടുകാർ.

ഒരു ദിവസം രാത്രി അവരിൽ ഒരാൾക്ക് വെളിയിൽ പോകണം. എന്തോ അത്യാവശ്യമുണ്ടായി. പുറത്ത് നല്ല ഇരുട്ട്. ശക്തമായ മഴയും ഇടിയും.

പുറത്തിറങ്ങാൻ മുതിർന്ന കൂട്ടുകാരനെ മറ്റുള്ളവർ തടഞ്ഞു. ''ഇപ്പോൾ പോകരുത്.'' മൂവർക്കും ഒരേ സ്വരം.

മൂന്നു പേരും കൂട്ടുകാരനെ തടഞ്ഞത് വ്യത്യസ്ത കാരണങ്ങളാൽ. എങ്കിലും അവരുടെ മനസ്സിൽ ഒരേ വികാരമായിരുന്നു. തങ്ങളുടെ കൂട്ടുകാരന് എന്തെങ്കിലും അപകടം പിണഞ്ഞെങ്കിലോ?

ഇത് ഗുണകാംക്ഷ. മറ്റുള്ളവർക്ക് ഗുണം കാംക്ഷിക്കുകയാണ് അതിന്റെ വികാരം. അതിനു മുമ്പിൽ ജാതിയോ മതമോ ഇല്ല.

ഗുണകാംക്ഷ കേവലം ഒരു വാക്ക്. പക്ഷേ, അത് ഒട്ടേറെ സ്വഭാവങ്ങളെ ഉൾക്കൊള്ളുന്നുണ്ട്.

മനസ്സാണ് ഗുണകാംക്ഷയുടെ മേഖല. അവിടെയാണ് സ്നേഹം കുടികൊള്ളുന്നത്.

ഗുണകാംക്ഷ ആത്മാർഥതയുടെ ഭാഗം. ഒന്നിൽ നിന്ന് മറ്റൊന്നിനെ വേർപ്പെടുത്താനാകില്ല.

പരസ്പര സഹകരണത്തിന്റെയും ഗുണകാംക്ഷയുടെയും അടിസ്ഥാനത്തിലാണ് ഈ പ്രപഞ്ചത്തെ ദൈവം സംവിധാനിച്ചത്. ഒന്നിന്റെ സഹകരണം മറ്റൊന്നിന് ഇല്ലെങ്കിൽ പ്രപഞ്ചസംവിധാനം നശിക്കും. മനുഷ്യരും ജീവികളും പ്രകൃതിയും എല്ലാം അതിൽ പെടും.

ഗുണകാംക്ഷ മനുഷ്യബന്ധങ്ങളുടെ അടിസ്ഥാനം. ചില കാര്യങ്ങൾ അതിന് ശ്രദ്ധിക്കാനുണ്ട്.

മനുഷ്യസാഹോദര്യം ദീക്ഷിക്കുക.
മറ്റുള്ളവന്റെ ഗുണം ആഗ്രഹിക്കുക.
സ്വാർഥത വെടിയുക.

ഗുണകാംക്ഷക്ക് അടിസ്ഥാനപരമായി 5 മേഖലകളുണ്ട്.

ദൈവത്തോട്:

ദൈവത്തെ സ്വന്തം സ്രഷ്ടാവായി അംഗീകരിക്കുക. അവന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ജീവിക്കുക. അതാണ് അവനോടുള്ള ഗുണകാംക്ഷ.

ദൈവികഗ്രന്ഥങ്ങളോട്:

ദൈവികനിർദ്ദേശങ്ങൾക്കനുസരിച്ച് ജീവിതം ക്രമപ്പെടുത്തുകയാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. ജീവിക്കാനാണല്ലോ അവ നിശ്ചയിച്ചിട്ടുള്ളത്.

ദൈവദൂതന്മാരോട്:

ദൈവദൂതന്മാരുടെ നിർദ്ദേശങ്ങൾ പിൻപറ്റി ജീവിക്കുകയാണ് അവരോടുള്ള ഗുണകാംക്ഷ.

മനുഷ്യരോട്:

മനുഷ്യബന്ധങ്ങളുടെ മജ്ജ ഗുണകാംക്ഷയാകുന്നു. ഗുണകാംക്ഷയോടു കൂടിയല്ലാത്ത എല്ലാ ബന്ധങ്ങളും മുറിയും. മറ്റുള്ളവന്റെ ക്ഷേമവും സുഖവും അഭിലഷിക്കുക, അവരുടെ ദു:ഖത്തിൽ പങ്ക് ചേരുക, അവരുടെ വിശേഷങ്ങളിൽ താൽപര്യം പ്രകടിപ്പിക്കുക, അവർക്ക് പ്രയാസമുണ്ടാക്കുന്ന കാര്യങ്ങളിൽ ഏർപ്പെടാതിരിക്കുക. ഇതൊക്കെ ഗുണകാംക്ഷയുടെ ഭാഗമാകുന്നു.

പ്രകൃതിയോട്:

മനുഷ്യന്റെ ഗുണകാംക്ഷയിൽനിന്ന് പ്രകൃതി പുറത്തല്ല. പ്രകൃതിയോടുള്ള ഗുണകാംക്ഷയിലാകുന്നു മനുഷ്യജീവിതത്തിന് നിലനിൽപ്. പ്രകൃതിയേയും അതിലെ ജീവജാലങ്ങളെയും നശിപ്പിക്കാതിരിക്കുക, അവക്ക് ഹാനികരമാകും വിധം തന്റെ സ്വാർഥം ചെയ്യാതിരിക്കുക. ഇവ പ്രകൃതിയോടുള്ള ഗുണകാംക്ഷയാകുന്നു. വിശദീകരണത്തിൽ ഇവ പരസ്പരം ബന്ധപ്പെട്ടവയാകുന്നു.

പരസ്പരം ഗുണകാംക്ഷ കാണിക്കണമെന്നത് ദൈവിക കൽപന. അത് നിഷേധിച്ചു ജീവിക്കുന്നത് പൈശാചികം.

ഗുണകാംക്ഷയോടു കൂടിയ സമീപനങ്ങൾ കൊണ്ട് ബന്ധങ്ങളിലെ പ്രയാസങ്ങൾ കെട്ടഴിഞ്ഞുപോകും. ഗുണകാംക്ഷയില്ലാതെ എത്ര ക്ലേശപ്പെട്ടിട്ടും കാര്യമില്ല, അത് സ്വഭാവദൂഷ്യമായേ വിലയിരുത്തുകയുള്ളു.

മറ്റുള്ളവരുടെ തെറ്റുകൾ പൊറുത്തുകൊടുക്കുന്നത്, അവരോട് ക്ഷമിക്കുന്നത്, അവരെ പ്രയാസങ്ങളിൽ സഹായിക്കുന്നത് ഇതൊക്കെ ഗുണകാംക്ഷയാണ്. അതത്രെ മധുരമുള്ള ബന്ധം.

മറ്റൊരാളോട് ചെയ്യുന്ന ഗുണകാംക്ഷയാകുന്നു വ്യക്തിത്വത്തെ സമൂഹത്തിൽ പ്രകാശിപ്പിക്കുന്നത്. ഗുണകാംക്ഷയോടെയല്ലാതെ ചെയ്യുന്നത് അവസാനം ഒന്നും അല്ലതെയാകും. അത് വ്യക്തിത്വത്തിന്റെ വില കളയും.

വാക്കുകളോടും കർമ്മങ്ങളോടും ഗുണകാംക്ഷ കാണിക്കാനുണ്ട്. പറയുന്നതനുസരിച്ചു ജീവിക്കുകയത്രെ അത്. പറയുന്നതും ചെയ്യുന്നതും ഭിന്നങ്ങളായാൽ അത് അപകടമാകും.

ശരീരത്തോടും ഗുണകാംക്ഷ ചെയ്യുന്നുണ്ട്. ആരോഗ്യപരിപാലനാവശ്യാർഥം ചെയ്യുന്ന കാര്യങ്ങളൊക്കെ ശരീരത്തോട് ചെയ്യുന്ന ഗുണകാംക്ഷയാകുന്നു.

ഒരാളോട് ചെയ്യാൻ സാധിക്കുന്ന ഏറ്റവും നല്ല സമ്മാനമത്രെ ഗുണകാംക്ഷ. നമ്മെപ്പോലെ മറ്റുള്ളവരെയും കാണുക എന്നതാണ് അതിന്റെ രീതി. പ്രായത്തിനും അറിവിനും സ്ഥാനത്തിനും അനുസരിച്ചു പെരുമാറുന്നതും ഗുണകാംക്ഷയുടെ ഭാഗം തന്നെ.

ആളുകളുമായുള്ള ബന്ധങ്ങളിൽ കളങ്കമില്ലാതിരിക്കുകയാണ് ഗുണകാംക്ഷയുടെ പൊരുൾ. അവരുടെ ക്ഷേമത്തെയും സുഖത്തെയും കുറിച്ച ചിന്ത തന്റെ മനസ്സിൽ ഉണ്ടായിരിക്കണം.

തനിക്ക് ഇഷ്ടപ്പെട്ടതെല്ലാം അവർക്കും ഇഷ്ടപ്പെടൽ ഗുണകാംക്ഷയുടെ ഉയർന്ന വിതാനമാകുന്നു.

അപരന്റെ അവകാശം നിഷേധിച്ചു സ്വന്തം അവകാശം സ്ഥാപിക്കാൻ ഒരിക്കലും പരിക്രമിക്കരുത്. സ്വന്തം അവകാശത്തെ ഹനിക്കാനും സ്വന്തം അഭിമാനത്തെ നശിപ്പിക്കാനും ആരും ഇഷ്ടപ്പെടുകയില്ല. ഇത്തരം കാര്യങ്ങളിലെല്ലാം തന്നെപ്പോലെ മറ്റുള്ളവരെയും കണക്കാക്കുകയെന്നതാണ് ഗുണകാംക്ഷയുടെ വികാരം.